# പതിമൂന്നാം കേരള നിയമസഭ
## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1789          16/06/2014-ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിൽ തീരദേശറോഡുകളുടെ നിർമ്മാണം**

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) | 2012-13 വർഷങ്ങളിൽ തീരദേശ റോഡുകളുടെ നിർമ്മാണം/ നവീകരണത്തിനായി ഫിഷറീസ് വകുപ്പിൽ നിന്നും എറണാകുളം ജില്ലയിൽ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) 2012-13 വർഷത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിനുകീഴിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ 2125.6 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ജില്ലയിലെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ? | (ബി) 2012-13 (പട്ടിക താഴെ) |
| (സി) | വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതായി ഏതെല്ലാം പ്രവൃത്തികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (സി) താഴെ |

(ബി) **2012-13**

| നിയോജകമണ്ഡലം | എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| പറവൂർ | 15 | 361.50 |
| വൈപ്പിൻ | 11 | 270.65 |
| കൊച്ചി | 8 | 292.50 |
| തൃപ്പൂണിത്തുറ | 33 | 805.95 |
| എറണാകുളം | 6 | 303.00 |
| പിറവം | 3 | 92.00 |
| ആകെ | 76 | 2125.60 |

(സി) വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച 3 റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ട്.

1) ലക്ഷംവീട് കോളനി റോഡ് (പള്ളിപ്പുറം പഞ്ചായത്ത്) പ്രവർത്തി പുരോഗമിക്കുന്നു.

2) തയ്യേഴത്ത് ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ടുള്ള റോഡ് വാർഡ്-1, നായരമ്പലം പഞ്ചായത്ത് (ടാറിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

ചെറായി ബോട്ട് ജെട്ടി റോഡിന്റെ നിർമ്മാണം (പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്) - സൈറ്റ് കൈമാറി ഇനിഷ്യൽ ലെവൽസ് എടുത്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ